## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218 — 14.02.2013-ൽ മറുപടിക്ക്

### മാനസികവൈകല്യമുള്ള കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ :<br>,, എൻ. എ. നെല്ലിക്കുന്ന് :<br>,, പി. ഉബൈദുള്ള : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മാനസികവൈകല്യമുള്ള കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ; | (എ) ഉണ്ട്. ഓട്ടിസത്തിന് വിദഗ്ധചികിത്സ തിരുവനന്തപുരം, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ICCONS എന്ന സ്ഥാപനത്തിൽ ലഭ്യമാണ്. പ്രസ്തുത സ്ഥാപനത്തിൽ ഓട്ടിസത്തിനു കാരണമാകുന്ന ജനിതകഘടകങ്ങളെക്കുറിച്ച് ഗവേഷണവും നടന്നുവരുന്നു. ആരോഗ്യവകുപ്പിന് കീഴിൽ മാനസികാരോഗ്യ ചികിത്സാ വിഭാഗങ്ങളുടെ ഭാഗമായും ശിശുരോഗ ചികിത്സാ വിഭാഗങ്ങളുടെ ഭാഗമായും മാനസിക വൈകല്യമുള്ള കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള ചികിത്സയും മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്നവരുടെ തുടർ ചികിത്സകളും നൽകിവരുന്നുണ്ട്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുകൾ (സി.ഡി.സി) വഴി ഇത്തരം കുട്ടികൾക്കുള്ള വിദഗ്ധ സേവനം ലഭ്യമാക്കിവരുന്നു. എൻ.ആർ.എച്ച്.എം.- ന്റെ സഹായത്തോടുകൂടി കോഴി ക്കോട് മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവ ലപ്പ്മെന്റ് സെന്റർ (സി.ഡി.സി) വഴി വയനാട്, മലപ്പുറം, കോഴിക്കോട്, കാസർകോട് എന്നീ ജില്ലകളിൽ തെരഞ്ഞെടുത്ത സി.എച്ച്.സി. കൾ വഴി ഇത്തരം കുട്ടികളെ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള ഒരു പരിപാടി ആരോഗ്യവകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടി എടുത്ത് വരുന്നു. |

[2..]

| | |
|---|---|
| (ബി) സംസ്ഥാനത്തുള്ള ഓട്ടിസം ക്ലീനിക്കിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന, കുട്ടികൾക്കുവേണ്ടിയുള്ള വിവിധ തരം സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ ഒന്നാണ് ബിഹേവിയറൽ പീഡിയാട്രിക്സ് & സ്കോളാസ്റ്റിക് ബേക്കവേഡ്നസ് ക്ലിനിക്ക് യൂണിറ്റ്. ഈ യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പി.ഡി.ഡി. ഇവാല്യുവേഷൻ ക്ലിനിക്കിന്റെ പ്രധാന ലക്ഷ്യം കുഞ്ഞുങ്ങളിലെ ഓട്ടിസം എന്ന അവസ്ഥ നേരത്തെ കണ്ടുപിടിക്കുക എന്നതാണ്. ഈ ക്ലിനിക്കിൽ 2012 വർഷത്തിൽ 152 കുട്ടികളെ രജിസ്റ്റർ ചെയ്ത് പരിശോധിക്കുകയുണ്ടായി. ഇവർക്ക് തുടർചികിത്സയും മറ്റ് പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത കാലത്തായി ഇത്തരം ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങളുടെ എണ്ണം കൂടിവരുന്നതിനാൽ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന ഓട്ടിസം ക്ലിനിക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്ന നടപടികൾ നടന്നുവരുന്നു. ICCONS - ൽ സൗകര്യങ്ങൾ വിപുലപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റിന്റെയും, എൻ.ആർ.എച്ച്.എം.ന്റെയും സഹായത്തോടെ നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ